**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3790** **17-03-2025-ൽ മറുപടിയ്ക്ക്**

**<u>വല്ലാർപാടത്ത് നിന്ന് കുടിയൊഴിക്കപ്പെട്ടവർക്ക് സർക്കാർ ജോലി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിക്കായി റോഡ്-റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടി കുടിയൊഴിക്കപ്പെട്ടവർക്ക് വാഗ്ദാനം നൽകിയിരുന്ന സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 19.03.2008 ലെ സ.ഉ.(കൈ) 62/2008/റവ ഉത്തരവ് പ്രകാരം ICTT വല്ലാർപാടം ടെർമിനൽ പദ്ധതിക്കു വേണ്ടി കുടിയൊഴിക്കപ്പെട്ട ഓരോ കുടുംബത്തിലെയും ഒരംഗത്തിന് യോഗ്യത അനുസരിച്ച് തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടി കൊച്ചിൻ പോർട്ട് ട്രസ്റ്റ് കൈക്കൊള്ളേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഒരു വിദേശ സ്ഥാപനവുമായി BOT വ്യവസ്ഥയിലുള്ള പ്രോജക്റ്റ് ആയതിനാൽ ജോലി നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുവാൻ നിർവാഹമില്ല എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത ജോലി മകനായ ഡേവിസ് ജോസിന് ലഭിക്കുന്നതിനായി മാതാവായ എറണാകുളം ചേരാനല്ലൂർ പഞ്ചായത്ത് വടുതല ദേശം എലവുന്തറ വീട്ടിൽ ആഗ്നസ് മേരിയും, പ്രസ്തുത ജോലി മകനായ ഡയസ് ഡാമിയന് ലഭിക്കുന്നതിനായി പനക്കൽ വീട്ടിൽ ജോസഫ് ഭാര്യ ആലീസ് എം.ഡി. യും 04.07.2024 -ന് എം.എൽ.എ. മുഖാന്തിരം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നതുമായ അപേക്ഷകളിന്മേൽ (G3240700846, G3240700827) ആവശ്യമായ തീരുമാനമെടുക്കേണ്ടത് സർക്കാർതലത്തിൽ ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ ഫയൽ നമ്പർ C6-10175/2024, C6-10174/2024 കത്തുകൾ പ്രകാരം സർക്കാരിലേക്ക് നൽകിയതുമായ റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 19.03.2008 തീയതിയിലെ സ.ഉ. (കൈ) നം. 62/2008/റവ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിക്കായി റോഡ്-റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് പകരം ഭൂമിയും മറ്റ് സഹായങ്ങളും നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ജോലി നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുവാൻ നിർവാഹമില്ല എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. G3240700846, G3240700827 നമ്പറായി മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതികൾ എറണാകുളം ജില്ലാ കളക്ടറുടെ കാര്യാലയത്തിലേക്ക കൈമാറുകയും C6-10175/2024, C6-10174/2024 എന്നീ കത്തുകൾ പ്രകാരം ജില്ലാ കളക്ടർ അപേക്ഷകർക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**(സി)** ഇതു സംബന്ധിച്ച് സർക്കാരിലുള്ള ഫയലുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ?

**<u>മറുപടി:</u>** 19.03.2008 തീയതിയിലെ സ.ഉ. (കൈ) നം. 62/2008/റവ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിക്കായി റോഡ്-റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് പകരം ഭൂമിയും മറ്റ് സഹായങ്ങളും നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ജോലി നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുവാൻ നിർവാഹമില്ല എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. G3240700846, G3240700827 നമ്പറായി മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതികൾ എറണാകുളം ജില്ലാ കളക്ടറുടെ കാര്യാലയത്തിലേക്കു കൈമാറുകയും C6-10175/2024, C6-10174/2024 എന്നീ കത്തുകൾ പ്രകാരം ജില്ലാ കളക്ടർ അപേക്ഷകർക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**